5 (*32) മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയെക്കുറിച്ച് ഉയർന്നിട്ടുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം പരാതികൾ ഉയർന്ന പശ്ചാത്തലത്തിൽ പ്രവേശന പരീക്ഷ കൂടുതൽ സുതാര്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) പ്രവേശന പരീക്ഷയുടെ ഉത്തരകടലാസുകൾ നിശ്ചിത ഫീസ് അടച്ച് വിദ്യാർത്ഥികൾക്ക് പുനഃപരിശോധിക്കുന്നതിനും ഒത്തുനോക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് സർക്കാർ നടപടി കൈക്കൊള്ളുമോ;

(ഡി) പ്രീ-ഡിഗ്രി മാർക്കിന് വെയിറ്റേജ് നൽകിക്കൊണ്ട് എൻട്രൻസ് റാങ്ക് ലിസ്റ്റുകൾക്ക് രൂപംനൽകുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ;

(ഇ) സാങ്കേതിക-വൈദ്യ-ഉന്നത വിദ്യാഭ്യാസ മേഖലകളിൽ നിന്നുള്ള ചോദ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തുന്ന പ്രവേശന പരീക്ഷയുടെ നടത്തിപ്പിന് പ്രസ്തുത മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതി രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(എഫ്) ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ സംഘടനകൾ പ്രവേശന പരീക്ഷയെ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ നിർദ്ദേശങ്ങളോ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സർക്കാർ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ,

(എ) ഉണ്ട്.

(ബി) 1999-ലെ പൊതുപരീക്ഷ മുതൽ ഓരോ പേപ്പറിനും 90 മിനിട്ട് ആയിരുന്നത് രണ്ട് മണിക്കൂർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഓരോ ചോദ്യത്തിനും അഞ്ച് (എ, ബി, സി, ഡി. ഇ) ചോയ്സ് ആയിരുന്നത് നാല് ചോയ്സ് ആക്കി. പ്രവേശന നടപടികൾ നിയന്ത്രിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, ആരോഗ്യ വകുപ്പു സെക്രട്ടറി, കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ അംഗങ്ങളായും, പ്രവേശന പരീക്ഷാ കമ്മിഷണർ കൺവീനറുമായുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 19.3.1999-ലെ സർക്കാർ ഉത്തരവ് നമ്പർ 20/99/ഉ.വി.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഉത്തരക്കടലാസ് പരിശോധനയിൽ മാർക്കിൽ വ്യത്യാസമൊന്നും വരാത്തവിധം ഒ.എം.ആർ. (ഓപ്റ്റിക്കൽ മാർക്ക് റിക്കോർഡിംഗ്) മെഷീൻ ഉപയോഗിച്ചുള്ള, പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള ഒരു മൂല്യനിർണ്ണയ സംവിധാനവും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവേശന പരീക്ഷയുടെ മൂല്യനിർണ്ണയം നിരീക്ഷിക്കുന്നതിലേയ്ക്കായി അഞ്ചു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥരെ സ്വതന്ത്ര നിരീക്ഷകരായി നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രായോഗികത പരിശോധിക്കുന്നതാണ്.

(ഡി) പ്രീ-ഡിഗ്രി ഡീലിങ്കിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ കാര്യം പരിഗണിക്കുന്നതാണ്.

(ഇ) സാങ്കേതിക-വൈദ്യ-ഉന്നത വിദ്യാഭ്യാസ മേഖലകളിൽ നിന്നുള്ള ചോദ്യങ്ങൾ പ്രസ്തുത മേഖലകളിലെ വിദഗ്ദ്ധരാണ് തയ്യാറാക്കിവരുന്നത്.

(എഫ്) പരിശോധിച്ചുവരുന്നു.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : സർ, സംസ്ഥാനത്തെ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിൽ പ്രത്യേകിച്ച് മൂല്യ നിർണ്ണയത്തിലും പ്രവേശന ലിസ്റ്റ് തയ്യാറാക്കുന്നതിലും ഗുരുതരമായ ക്രമക്കേടുകളും അഴിമതികളും നടന്നതായി വ്യാപകമായ പരാതികൾ ഉയർന്നുവന്നിരിക്കുന്നു. അതുപോലെ എൻട്രൻസ് പരീക്ഷ നടത്തുന്നരീതി കുട്ടികളുടെ കഴിവ് അളക്കുന്നതിന് ഉതകുന്നവയല്ലെന്നും നിരവധി പോരായ്മകൾ ഉണ്ടെന്നും വിദഗ്ദ്ധൻമാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിനും പ്രവേശന പരീക്ഷ ശാസ്ത്രീയവും ഫലപ്രദവും അഴിമതിക്കും ക്രമക്കേടുകൾക്കും ഇടനൽകാത്തതുമാക്കുവാൻ പ്രവേശന പരീക്ഷാ നടത്തിപ്പ് എൻട്രൻസ് കമ്മിഷണറുടെ ആഫീസിന്റെ പരിപൂർണ്ണ ചുമതലയിൽ മാത്രമേ ആകാവൂയെന്നും മൂല്യനിർണ്ണയവും സൂപ്പർവൈസിംഗ് ലിസ്റ്റ് തയ്യാറാക്കുന്നതും കമ്മിഷണർ ആഫീസിലെ കമ്പ്യൂട്ടർ ഓപ്പറേറ്റർമാർ മാത്രം നിർവ്വഹിക്കണമെന്നുമുള്ള ദുശ്ശാഠ്യം ഒഴിവാക്കുന്നതിനും പരീക്ഷാ നടത്തിപ്പിന്റെ ചുമതല വിദഗ്ദ്ധരുടെ സമിതിയെ ഏൽപ്പിക്കുന്നതിനും പരീക്ഷകളുടെ മൂല്യനിർണ്ണയം വിദഗ്ദ്ധരുടെ സാന്നിദ്ധ്യത്തിൽവച്ചുമാത്രം നടത്തുന്നതിനും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; അതുപോലെ ഒബ്ജക്ടീവ് ടൈപ്പ് രീതിക്കുപകരം ഐ.ഐ.ടി. മാതൃകയിലുള്ള ഡിസ്ക്രിപ്റ്റീവ് ടൈപ്പ് ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന രീതി നടപ്പിലാക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ബഹുമാനപ്പെട്ട അംഗം ഒടുവിൽ ചോദിച്ച ഒരു ചോദ്യം ഐ.ഐ.ടി. മാതൃകയെക്കുറിച്ചാണ്. ഇന്നത്തെ രീതി മാറ്റാൻ ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നു. ഇതിനെക്കുറിച്ചുള്ള ഒരു പഠനം നടത്തി അടുത്ത വർഷത്തേയ്ക്ക് ഈ മാറ്റങ്ങൾ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : കഴിഞ്ഞ വർഷത്തെ എൻട്രൻസ് പരീക്ഷയിൽ, ആദ്യത്തെ പ്രവേശന ലിസ്റ്റിൽ പ്രവേശനം നിഷേധിക്കപ്പെട്ട സംവരണാർഹതയുള്ള കുറെ ആളുകൾക്ക് ഹൈക്കോടതി ഇടപെട്ടതിനുശേഷമാണ് പിന്നീട് പ്രവേശനം നൽകിയത്. സംവരണാനുകൂല്യം കുറെ ആളുകൾക്ക് നിഷേധിക്കപ്പെട്ടുവെന്നുള്ളത് വളരെ വ്യക്തമാണ്. നിയമസഭാ കമ്മിറ്റിയും അതുസംബന്ധമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇങ്ങനെ സംവരണാനുകൂല്യം അർഹരായ ആളുകൾക്ക് നിഷേധിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ; എന്നിട്ട് കുറ്റക്കാർക്കെതിരെ ശക്തമായ നടപടിയെടുക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : കഴിഞ്ഞതിന്റെ മുമ്പിലത്തെ വർഷം ഹൈക്കോടതിയിൽ കൊടുത്ത ഒരു പെറ്റീഷന്റെ അടിസ്ഥാനത്തിൽ, അത് പരിഹരിക്കാൻ ശ്രമിച്ചപ്പോൾ, നടത്തിപ്പിൽ വന്ന ഒരു അപാകതയാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തന്നെ തിരുത്തുകയുണ്ടായി. സംവരണാനുകൂല്യം ആർക്കും നിഷേധിക്കപ്പെടുന്ന ഒരു പ്രശ്നം ഉണ്ടാകുന്നില്ല.

<u>ശ്രീ. സത്യൻ മൊകേരി</u> : നമ്മുടെ സംസ്ഥാനത്ത്, ഗ്രാമപദേശങ്ങളിലുള്ള പാവപ്പെട്ട വീടുകളിലെ കുട്ടികൾക്ക് എൻട്രൻസ് എക്സാമിനേഷനിൽ ഫലപ്രദമായി പങ്കെടുക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. എൻട്രൻസ് എക്സാമിനേഷനിൽ പങ്കെടുക്കുകയെന്ന് പറയുന്നത് ഭാരിച്ച ചെലവുള്ളതാണ്. തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം തുടങ്ങിയിട്ടുള്ള സ്ഥലങ്ങളിൽ കോച്ചിംഗ് സെന്ററുകളിൽ വന്ന് പരിശീലനം നടത്തിയാൽ മാത്രമേ ഫലപ്രദമായി ഇതിനകത്ത് പങ്കെടുക്കാൻ കഴിയുകയുള്ളൂവെന്ന സാഹചര്യമുണ്ട്. അതുപോലെതന്നെ മാതൃഭാഷയിൽ ഈ എക്സാമിനേഷനിൽ പങ്കെടുക്കാൻ കഴിയുകയില്ല. യഥാർത്ഥത്തിൽ ഈ എൻട്രൻസ് എക്സാമിനേഷന്റെ ആവശ്യമില്ല. അത് പുനഃപരിശോധിക്കേണ്ടതാണ്. അവർക്ക് കിട്ടുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അത് സ്ക്രീൻ ചെയ്ത്, എലിജിബിൾ ആയിട്ടുള്ള കുട്ടികളെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾക്ക്, പാവപ്പെട്ട വീടുകളിലെ എലിജിബിൾ ആയിട്ടുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നതിനുള്ള സാഹചര്യം ലഭിക്കും. അത് ഗൗരവമായി പരിശോധിച്ചുകൊണ്ട് എലിജിബിൾ ആയിട്ടുള്ള എല്ലാ കുട്ടികൾക്കും പ്രവേശനം ലഭിക്കത്തക്കരീതിയിൽ, മാതൃഭാഷയിൽ ഉൾപ്പെടെ, ഈ കാര്യങ്ങളിൽ പങ്കെടുക്കാൻ കഴിയുന്ന തരത്തിൽ, മാർക്കിന്റെ അടിസ്ഥാനത്തിൽ ഇതിനെ ക്രമീകരിക്കാൻ കഴിയുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഇതിൽ പല വിഷയങ്ങളാണ് വന്നിരിക്കുന്നത്. ക്വാളിഫൈയിംഗ് എക്സാമിനേഷന് കിട്ടുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകിക്കൂടേ എന്നാണ് ഒരു ചോദ്യം. ക്വാളിഫൈയിംഗ് എക്സാമിനേഷനിൽ പല അപാകതകളും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ എൻട്രൻസ് സിസ്റ്റം ഏർപ്പെടുത്തിയത്. എന്നാൽ ഇതിൽ വളരെ യുക്തിസഹമായ ഒരു കാര്യമുണ്ട്. ക്വാളിഫൈയിംഗ് എക്സാമിനേഷന് കിട്ടുന്ന മാർക്കിന് ഒരു വെയിറ്റേജ് കൊടുക്കണം. അതിനുള്ള നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. പല സംസ്ഥാനങ്ങളിലും അത് നടപ്പാക്കിയിട്ടുള്ളതാണ്. മാതൃഭാഷയിൽ എഴുതുന്ന കാര്യവും പ്രത്യേകം ആലോചിക്കുന്നതാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ബഹുമാനപ്പെട്ട മന്ത്രി ചോദ്യം (എഫ്)നുള്ള ഉത്തരം നൽകിയത് "പരിശോധിച്ചുവരുന്നു" എന്നാണ്. അതിനകത്ത് ശാസ്ത്ര-സാഹിത്യ-പരിഷത്ത് നൽകിയിട്ടുള്ള പരാതികളെക്കുറിച്ചാണ് ചോദിച്ചിരിക്കുന്നത്. അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? പരിശോധിച്ചുവരുന്നുണ്ടോ എന്നാണ് ചോദ്യം. ഈ ശാസ്ത്ര-സാഹിത്യ-പരിഷത്ത് എൻട്രൻസ് പരീക്ഷയെ സംബന്ധിച്ചും അതുപോലെതന്നെ സ്വാശ്രയ കോളേജുകളെ സംബന്ധിച്ചുമൊക്കെ ചില അഭിപ്രായങ്ങൾ പറയുകയും സർക്കാരിന്റെ തീരുമാനങ്ങൾക്ക് വിരുദ്ധമായിട്ടാണ് വിദ്യാഭ്യാസമന്ത്രി ചെയ്യുന്നതെന്നും പത്രപ്രസ്താവന ഇറക്കിയിട്ടുണ്ട്. ഇതിൽ എന്തെങ്കിലും വസ്തുതയുണ്ടോ; ശാസ്ത്ര സാഹിത്യ പരിഷത്ത് ആണോ സർക്കാരിനെ നിയന്ത്രിക്കുന്നത് അവരുടെ അഭിപ്രായങ്ങൾക്കനുസരിച്ചാണോ ഗവൺമെന്റ് വിദ്യാഭ്യാസത്തിൽ നയം രൂപീകരിക്കുന്നത്?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ക്രിയാത്മകമായ നിർദ്ദേശങ്ങൾ ആര് സമർപ്പിച്ചാലും അത് പരിഗണിക്കണം എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ചില നിർദ്ദേശങ്ങൾ അവർ നൽകിയിട്ടുണ്ട്. അതും പരിശോധിച്ചുവരുന്നു എന്നേ പറഞ്ഞിട്ടുള്ളൂ. ഗവൺമെന്റ് എടുത്തിട്ടുള്ള നയപരമായ തീരുമാനങ്ങൾ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

യാണ് വിദ്യാഭ്യാസമന്ത്രിയെന്ന നിലയിൽ ഞാൻ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

6 (*33) പഴക്കംചെന്ന വൈദ്യുത പദ്ധതികളുടെ നവീകരണം

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴക്കംചെന്ന വൈദ്യുത പദ്ധതികൾ നവീകരിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; അവ ഏതെല്ലാം;

(ബി) ഈ പദ്ധതികളുടെ ഇപ്പോഴത്തെ ഉൽപ്പാദനശേഷി എത്രവീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളുടെ പുതുക്കൽ, ഉൽപ്പാദനശേഷി ഉയർത്തൽ എന്നിവയ്ക്കുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നടപടികളിലൂടെ എത്ര വൈദ്യുതി അധികമായുൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) താഴെ പറയുന്ന 6 വൈദ്യുത പദ്ധതികൾ നവീകരിക്കേണ്ടതായിട്ടുണ്ട്. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം, നേര്യമംഗലം, ശബരിഗിരി, പെരിങ്ങൽകുത്ത്.

(ബി) പള്ളിവാസൽ - 37.5 മെഗാവാട്ട്
പന്നിയാർ - 30 ,,
ചെങ്കുളം - 48 ,,
നേര്യമംഗലം - 45 ,,
ശബരിഗിരി - 300 ,,
പെരിങ്ങൽകുത്ത് - 32 ,,

(സി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതികൾക്ക് കനേഡിയൻ ഗവൺമെന്റിന്റെ കീഴിലുള്ള എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും വായ്പ ലഭ്യമായിട്ടുണ്ട്. ശബരിഗിരി, നേര്യമംഗലം പദ്ധതികളുടെ നവീകരണത്തിനും സ്ഥാപിതശേഷി ഉയർത്തുന്നതിനുംവേണ്ടി ആഗോള ടെണ്ടർ ക്ഷണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശബരിഗിരി പദ്ധതിക്കുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. പെരിങ്ങൽകുത്ത് പദ്ധതിയുടെ നവീകരണവും ആഗോള ടെണ്ടർ പ്രകാരം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ മൂന്നു പദ്ധതികളുടേയും മെഷീനുകളുടെ ഭാവി പ്രവർത്തനശേഷി

LIBRARY ARCHIVES Kerala Legislative Assembly